# ലാൻ്റ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം (പബ്ളിക് ഓഫീസ് ബിൽഡിംഗ്, തിരുവനന്തപുരം - 33)

**(ഹാജർ.ശ്രീ. റ്റി.ഒ. സൂരജ്, ഐ.എ.എസ്)**

**എൽ.ആർ.റ്റി3-5050/09.** **തീയതി: 27.11.2012**

വിഷയം:- 01-07-2004 മുതൽ 31-12-2008 വരെയുള്ള സംസ്ഥാനതല UDC/SVO താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്

വായന:-

1. ലാൻ്റ് റവന്യൂ കമ്മീഷണറുടെ 16/04/2011 ലെ എൽ.ആർ.റ്റി4-13358/09(1) & (2) നടപടിക്രമങ്ങൾ പ്രകാരമുള്ള LDC/VA സീനിയോറിറ്റി ലിസ്റ്റുകൾ.
2. ജി.ഒ.(എം.എസ്)നം. 68/08/RD തീയതി 28.03.08.
3. ജി.ഒ.(എം.എസ്)നം. 376/08/RD തീയതി 04.11.08.
4. ജി.ഒ.(എം.എസ്)നം.242/09/RD തീയതി 24.06.09.
5. ജി.ഒ.(ആർ.റ്റി)നം. 4630/10/RD തീയതി 14.10.10.
6. WP(c) 7711/09 അനുബന്ധ കേസുകളിലെ ബഹു:ഹൈക്കോടതിയുടെ 06.10.2009 ലെ ഇടക്കാല ഉത്തരവ്.
7. WA 116/2011 ൽ ബഹു:ഹൈക്കോടതിയുടെ 27.01.2011 ലെ വിധിന്യായം.
8. ബഹു: കേരള ഹൈക്കോടതിയുടെ 14.09.99 ലെ ഒ.പി. 22276/98, 22193/98 നമ്പർ വിധിന്യായങ്ങൾ.
9. WA 789/88 നമ്പർ കേസിലെ 21.03.91 ലെ ബഹു: ഹൈക്കോടതിയുടെ വിധിന്യായം.
10. WP(c) 19076/08 നമ്പർ കേസിലെ 26.03.2009 ലെ ബഹു:ഹൈക്കോടതിയുടെ വിധിന്യായം.
11. WA 162/91 നമ്പർ കേസിലെ 06.04.95 ലെ ബഹു:ഹൈക്കോടതിയുടെ വിധിന്യായം.
12. സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (പി) 123/93/RD തീയതി 08.03.93.
13. സർക്കാർ കത്ത് നമ്പർ 19800/സി3/RD തീയതി 31.07.09.
14. സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(Rt) 2136/11/RD തീയതി 31.03.11.
15. എൽ.ആർ.റ്റി3-11500/10 തീയതി 22.01.11 നമ്പർ ഉത്തരവ്.
16. ലാൻ്റ് റവന്യൂ കമ്മീഷണറുടെ 16.04.11 ലെ എൽ.ആർ.റ്റി3-2003/11(2) നമ്പർ നടപടിക്രമം.
17. ലാൻ്റ് റവന്യൂ കമ്മീഷണറുടെ 19-11-12 ലെ എൽ.ആർ.റ്റി3-5050/09 നമ്പർ നടപടിക്രമം.
18. WP(c) 7711/2009, 29910/08, എന്നീ കേസുകളിലെ 27-9-11 ലെ വിധിന്യായം.

(1) വായന (1) പ്രകാരം 31-12-2008 വരെയുള്ള LDC/VA മാരുടെ സംസ്ഥാനതല അന്തിമ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. അതിനെ തുടർന്ന് വായന (2) മുതൽ (15) വരെയുള്ള വിധിന്യായങ്ങളുടെയും, സർക്കാർ ഉത്തരവുകളുടെയും, തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ 10/09/84 മുതൽ 31-10-98 വരെയുള്ള UDC/VO മാരുടെയും 01/11/98 മുതൽ 30/06/2004 വരെയുള്ള UDC/SVO മാരുടെയും സംസ്ഥാനതല അന്തിമ സീനിയോറിറ്റി ലിസ്റ്റുകൾ വായന (16) പ്രകാരം പ്രസിദ്ധീകരിക്കുകയുണ്ടായി.

(2) സീനിയോറിറ്റി സംബന്ധമായി ബഹു:ഹൈക്കോടതി മുമ്പാകെയുണ്ടായിരുന്ന W.P.(C) 7711/2009, 29910/08 മുതലായ കേസുകളിന്മേലുള്ള 27.09.2011 ലെ വിധിന്യായത്തിൽ മേൽ പരാമർശിച്ച പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റുകൾ ബഹു കോടതി അംഗീകരിക്കുകയും "depending on the seniority list so prepared, persons who got promotion contrary to the principles must be reverted and those who are denied promotion must be given promotion" എന്ന് ഉത്തരവാകുകയും ചെയതിട്ടുള്ളതാണ്.

(3) വായന 17 പ്രകാരം 01/07/2004 മുതൽ 31/12/2008 വരെയുള്ള UDC/SVO തസ്തികയിലെ ഒഴിവുകൾ തിട്ടപ്പെടുത്തിയിട്ടുള്ളതാണ്.

(4) വായന (2) പ്രകാരമുള്ള സർക്കാർ ഉത്തരവിൽ 12/08/96 ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച് പ്രൊബേഷൻ പൂർത്തിയാക്കിയ ജീവനക്കാർക്ക് ചെയിൻ സർവ്വെ യോഗ്യത നേടുന്നതിന് 27-3-2010 വരെ സമയം അനുവദിച്ചിരുന്നു. വായന (3) പ്രകാരമുള്ള സർക്കാർ ഉത്തരവിൽ 12/07/89 ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരെ ചെയിൻ സർവ്വെ യോഗ്യത നേടുന്നതിൽ നിന്നും പൂർണ്ണമായി ഒഴിവാക്കിയിരുന്നു. വായന (4) പ്രകാരമുള്ള ഉത്തരവിൽ വായന (2) പ്രകാരമുള്ള ഉത്തരവിന്റെ ആനുകൂല്യം 12/08/96 ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച് പ്രൊബേഷൻ പൂർത്തിയാക്കിയിട്ടില്ലാത്ത ജീവനക്കാർക്ക് കൂടി ബാധകമാക്കിയിട്ടുള്ളതും അതനുസരിച്ച് ചെയിൻ സർവ്വേ പരീക്ഷ വിജയിക്കുന്നതിനുള്ള സമയപരിധി 27.03.2010 വരെ ദീർഘിപ്പിച്ചിട്ടുള്ളതുമാണ്. തുടർന്ന് പരാമർശം (14) പ്രകാരം ദീർഘിപ്പിച്ചു നൽകിയ സമയപരിധി 30.06.11 -ൽ അവസാനിച്ചിട്ടുള്ളതാണെങ്കിലും, 30.06.2011 ന് ശേഷവും ചെയിൻ സർവ്വെ യോഗ്യത നേടിയിട്ടില്ലാത്ത ജീവനക്കാരെ തരം താഴ്ത്തുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാരിന്റെ പരിഗണനയിലായതിനാൽ പ്രസ്തുത ജീവനക്കാർക്ക് UDC/SVO താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ താൽക്കാലികമായി സ്ഥാനം നൽകിയിട്ടുള്ളതാണ്. സർക്കാർ തീരുമാനത്തിന് വിധേയമായി പ്രസ്തുത ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള സ്ഥാനങ്ങൾ പുന:പരിശോധിക്കുന്നതാണ്.

(5) ഈ സാഹചര്യത്തിൽ വായന (16) പ്രകാരമുള്ള UDC/SVO അന്തിമ സീനിയോറിറ്റി ലിസ്റ്റിന്റെ തുടർച്ചയായി വായന 2 മുതൽ 15 വരെയുള്ളവ അടിസ്ഥാനമാക്കി 1-7-2004 മുതൽ 31-12-2008 വരെയുള്ള കാലയളവിലെ UDC/SVO താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് (അനുബന്ധം -1) ഇതോടൊപ്പം ചേർത്തു പ്രസിദ്ധീകരിച്ചു ഉത്തരവാകുന്നു.

(6) താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച് ജീവനക്കാർക്കുള്ള ആക്ഷേപങ്ങൾ പരിശോധിച്ചും KS&SSR Rule 28(b)(ii) പ്രകാരമുള്ള റഗുലറൈസേഷൻ വിധേയമായും പ്രസ്തുത സീനിയോറിറ്റി അന്തിമമാക്കുന്നതാണ്.

(7) ജില്ലാകളക്ടർമാർ/ആഫീസ് മോധാവികൾ, ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും പ്രസ്തുത ലിസ്റ്റ് പരിശോധനയ്ക്ക് അവസരം ഒരുക്കേണ്ടതും, ലിസ്റ്റ്

പരസ്യപ്പെടുത്തിയതിനുള്ള സാക്ഷ്യപത്രം 15 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിലേക്ക് അയച്ചു തരേണ്ടതുമാണ്.

(8) ഈ ലിസ്റ്റിൽ മേൽ ജീവനക്കാർക്കുള്ള ആക്ഷേപങ്ങളും അവകാശവാദങ്ങളും ഈ ലിസ്റ്റ് പ്രസിദ്ധീകരിച്ചത് മുതൽ 15 ദിവസത്തിനുള്ളിൽ നിശ്ചിത പ്രൊഫോർമയിൽ (അനുബന്ധം-11) ബന്ധപ്പെട്ട ജില്ലാകളക്ടർ/ആഫീസ് മേധാവികൾക്ക് സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ആഫീസ് മേധാവികളുടെ ശുപാർശ സഹിതം ഉടൻ തന്നെ ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്.

(ഒപ്പ്)
കമ്മീഷണർ

പകർപ്പ്:
1. പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.
2. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആ മുഖ കത്ത് സഹിതം)
3. എല്ലാ ജില്ലാകളക്ടർമാർക്കും.
4. സെക്രട്ടറി ലാന്റ് ബോർഡ് തിരുവനന്തപുരം.
5. ഡയറക്ടർ, ILDM, PTP Nagar.
6. ഡയറക്ടർ, സർവ്വെ & ലാന്റ് റിക്കാർഡ്സ് തിരുവനന്തപുരം.
7. ഡെ:കളക്ടർ വിജിലൻസ് ഉത്തര/ദക്ഷിണ/മദ്ധ്യമേഖല)
8. CA to Commissioner.
9. CA to Joint Commissioner;
10. അസി:കമ്മീഷണർ (ആർ.ഇ).
11. സീനിയർ സൂപ്രണ്ട് സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ, തിരുവനന്തപുരം.
12. അസിസ്റ്റന്റ് കമ്മീഷണർ (എൽ.എ) & നോഡൽ ഓഫീസർ (ഐ.റ്റി സെൽ) (വെബ്-സൈറ്റിൽ പരസ്യപ്പെടുത്തുന്നതിലേക്ക്)

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്.